പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1635

18.06.2012-ൽ മറുപടിക്ക്

## അജാനൂരിൽ മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (എ) | അജാനൂർ കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സർവ്വേ നടപടികളുടെ ഭാഗമായി ബാത്തിമെട്രിക് സർവ്വേ പൂർത്തീകരിച്ചു. ഇൻവെസ്റ്റിഗേഷൻ പുരോഗമിക്കുന്നു. |
| (ബി) | സമഗ്രമായ സർവ്വേ നടത്തുന്നതിന് ആവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ; | (ബി) | സർക്കാർ ഉത്തരവ് (സാധാ) നം. 58/12/മഇവ. തീയതി 18.01.2012 പ്രകാരം 24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അടുത്ത കാലത്ത് പുറപ്പെടുവിച്ച സർക്കുലർ പ്രകാരം പരിസ്ഥിതി വകുപ്പിന്റെ അക്രഡിറ്റേഷൻ ഉള്ള ഏജൻസികൾ തയ്യാറാക്കുന്ന പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടുകൾ മാത്രമേ സ്വീകാര്യമാവുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പഠനത്തിനു മാത്രം ഏകദേശം 20 ലക്ഷം രൂപയോളം വേണ്ടി വരുമെന്നതിനാൽ നേരത്തെ അനുമതി നൽകിയ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ? | (സി) | ടി പ്രവൃത്തിയുടെ അന്വേഷണ ഗവേഷണങ്ങൾക്കുള്ള അധിക തുക നടപ്പു സാമ്പത്തിക വർഷത്തിലെ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ